# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ കെടിഎം പി.15/1145/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 15/09/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

2.അസിസ്റ്റന്റ് ഡെവലെപ്മെന്റ് കമ്മീഷണർ,(ജനറൽ), ഗ്രാമവികസനവകുപ്പ് കോട്ടയം

3.ഓഫീസ് കോപ്പി.

നമ്പർ: കെഎസ്എ കെടിഎം പി.15/1145/2023 തീയ്യതി: 15/09/2023

## കോട്ടയം ജില്ലയിലെ കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2022 മുതൽ 31-05-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-06-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സാബു സി.ജോർജ്ജ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 21-06-2023 | 27-06-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-06-2023 | 27-06-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സുലത ഡി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.സുമേഷ് പി.പി, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി ജ്യോതിലക്ഷ്മി ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ബീനാകുമാരി റ്റി.വി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.പി.വി.സുനിൽ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.ഷിനോദ് പി.ആർ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം.കെ.സജീവ് | അസി.എക്സി.എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി വിദ്യ വേലായുധൻ | അസി.എഞ്ചിയനീയർ | 01-04-2022 | 31-03-2023 |
| ഡോ.ബിജു ജോൺ | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി.തലയോലപ്പറമ്പ് | 01-04-2022 | 31-03-2023 |
| ഡോ.സുധർമ്മിണി തങ്കപ്പൻ | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി, അറുന്നൂറ്റിമംഗലം. | 01-04-2022 | 31-03-2023 |
| ശ്രീമതി ഷിന്ധ്യ എൽ.കെ. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.ബിനു തോമസ് | അസിസ്റ്റന്റ് ഡയറക്ടർ, കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ജിഷാകുമാരി എം.ആർ. | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.പ്രശാന്ത്ബി | വ്യവസായ വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ഷക്കീല കെ. | സി.ഡി.പി.ഒ. | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-1 |
| 3 | Capital Work In Progress-രേഖകൾ ലഭ്യമായില്ല | 1-1-2 |
| 4 | B4 ഷെഡ്യൂളിൽ തെറ്റായി രേഖപ്പെടുത്തി | 1-1-3 |
| 5 | ഹെൽത്ത് ഗ്രാന്റ് അക്കൗണ്ട്--വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-4 |
| 6 | ബജറ്റ് | 1-2 |
| 7 | സാമ്പത്തികവിശകലനം | 1-3 |
| 8 | ഫണ്ട് വിനിയോഗം | 1-4 |
| 9 | വാർഷികപദ്ധതി | 1-5 |
| 10 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 11 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 12 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 15 | ഇ.ടെണ്ടർ - ടെണ്ടർ ഫീ ലഭ്യമായിട്ടില്ല. | 1-11 |
| 16 | ഗ്രാമവണ്ടി- ബ്ലോക്ക്പഞ്ചായത്ത് ഏറ്റെടുത്ത ശ്രദ്ധേയമായ പ്രോജക്ട് - മാതൃകാപരം | 1-12 |
| 17 | തനതുഫണ്ട് ചെലവുകൾ- അപാകതകൾ | 1-13 |
| 18 | പഠനമുറി പൂർത്തിയായില്ല. | 1-14 |
| 19 | തിരുവമ്പാടി വലിയതോടിന് ചെക്ക് ഡാം - എൻ.ഒ.സി ലഭ്യമായില്ല - തുടർ പ്രവൃത്തികൾ മുടങ്ങികിടക്കുന്നു | 1-15 |
| 20 | പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് - യൂണിറ്റ് നിലവിൽ പ്രവർത്തിപ്പിക്കുന്നില്ല | 1-16 |
| 21 | മുൻകൂറായി തുക നൽകിയിട്ടും മരുന്ന് പൂർണ്ണമായി ലഭ്യമായില്ല | 1-17 |
| 22 | വകയിരുത്തലുകൾക്ക് അനുസരിച്ച് തുക ചെലവഴിക്കുന്നില്ല. | 1-18 |
| 23 | ക്ഷീര കർഷകർക്ക് പാൽ അളവിന് സബ്സിഡി - വിനിയോഗ വിവരം ലഭ്യമായില്ല | 1-19 |
| 24 | ലൈഫ് ഭവനപദ്ധതി- ചെലവുതുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല- ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. | 1-20 |
| 25 | സർക്കാർ നിർദ്ദേശപ്രകാരമുള്ള പ്രോജക്ടുകൾ- ബ്ലോക്ക് പഞ്ചായത്ത് ചെലവഴിച്ച തുകയുടെ വിനിയോഗവിവരം ലഭ്യമല്ല | 1-21 |
| 26 | ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് പുതിയ കെട്ടിടനിർമ്മാണം - തുടർ നടപടി വിവരങ്ങൾ ലഭ്യമാല്ല. | 1-22 |
| 27 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. | 1-23 |
| 28 | ഡെപ്പോസിറ്റ് പ്രവൃത്തി - ചെലവുവിവരങ്ങൾ ലഭ്യമായിട്ടില്ല, നിർവ്വഹണ ഏജൻസിയുമായി യഥാവിധി കരാർ ചമച്ചിട്ടില്ല. | 1-24 |

| | | |
|---|---|---|
| 29 | സംയുക്ത പ്രോക്ടുകൾ-ചെലവുവിവരങ്ങളും വിനിയോഗസാക്ഷ്യപത്രവും ലഭ്യമായിട്ടില്ല | 1-25 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകകളുടെ വിവരം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കുകൾക്കായി കൈമാറിയ തുകകളുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്/ സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

1. കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 03.06.2023 തീയതിയിലെ ഒന്നാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 26.06.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

26/07/2011 ലെ ജി.ഒ (എം.എസ്.) 152/2011 ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തി ബാധ്യത നിർണ്ണയം നടത്തി കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല.

### 1-1-2 Capital Work In Progress-രേഖകൾ ലഭ്യമായില്ല

Capital Work In Progress ശീർഷകത്തിലെ നീക്കിയിരിപ്പിൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം 100000 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

### 1-1-3 B4 ഷെഡ്യൂളിൽ തെറ്റായി രേഖപ്പെടുത്തി

320300199 (B-4 ഷെഡ്യൂൾ) എന്ന ശീർഷകത്തിൽ കൊയ്ത്തുമെതിയെന്ത്രത്തിന് വാടക ലഭിച്ച തുക ഉൾപ്പെടെയുള്ള

വരവ് തുക ബാധ്യതയായി കാണിച്ചിരിക്കുന്നു.

1-1-4 ഹെൽത്ത് ഗ്രാന്റ് അക്കൗണ്ട്--വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഹെൽത്ത് ഗ്രാന്റ് നിക്ഷേപിക്കുന്നതിനുള്ള അക്കൗണ്ട് (നം.110027229417) വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. 31.03.23 വരെ ടി അക്കൗണ്ടിൽ പണമിടപാടുകൾ നടന്നിട്ടില്ല.

1-2 ബജറ്റ്

04.03.2022ലെ യോഗ തീരുമാനപ്രകാരം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തെ കരട് ബജറ്റ് 23.03.2022ലെ ജനറൽ കമ്മിറ്റിയുടെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിരുന്നു. വിവിധ കാരണങ്ങളാൽ വാർഷിക പദ്ധതിയിൽ വരുത്തിയ ഭേദഗതികളുടെയും സർക്കാർ ഗ്രാന്റ് വരവിൽ വന്ന വ്യതിയാനത്തിന്റെയും അടിസ്ഥാനത്തിൽ നിയമനുസരണം തൻവർഷത്തെ ബജറ്റ് പുതുക്കി തയ്യാറാക്കുകയും പുതുക്കിയ ബജറ്റിന് 07.03.23ലെ ജനറൽ കമ്മിറ്റി അംഗീകാരം നല്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആദ്യബജറ്റും പുതുക്കിയ ബജറ്റും തമ്മിൽ പ്രതീക്ഷിത വരവുചെലവുകണക്കുകളിൽ ഗണ്യമായ അന്തരം നിലനിൽക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ആദ്യ ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 28,84,312 | 66,81,122 |
| വരവ് | 25,86,34,900 | 8,90,89,243 |
| ആകെ | 26,15,19,212 | 9,57,70,365 |
| ചെലവ് | 26,03,58,500 | 9,35,09,715 |
| നീക്കിയിരിപ്പ് | 11,60,712 | 22,60,650 |

ഇപ്രകാരം രണ്ട് ബജറ്റുകളിലേയും വരവുചെലവു തുകകൾ തമ്മിൽ 16 കോടിയിലധികം രൂപയുടെ വ്യത്യാസം വന്നത് സംബന്ധിച്ച് എക്സിറ്റ് മീറ്റിംഗിൽ ശ്രദ്ധയിൽപ്പെടുത്തിയതിനെതുടർന്ന്, കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭ്യമാകുന്ന ഗ്രാന്റുകൾ വർദ്ധിപ്പിച്ച് കാണിച്ചതും എന്നാൽ അത്രയും തുക ലഭിക്കാതെ വന്നതുമായിരിക്കാം ഇപ്രകാരം ബജറ്റ് കണക്കുകളിൽ വ്യത്യാസം വരാനുണ്ടായ കാരണമെന്ന് ബഹു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വിശദീകരിക്കുകയുണ്ടായി. പുതുക്കിയ ബജറ്റുപ്രകാരമുള്ള കണക്കുകളും യഥാർത്ഥ വരവുചെലവുകണക്കുകളും ചുവടെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം | യഥാർത്ഥ കണക്ക |
|---|---|---|
| മുന്നിരിപ്പ് | 66,81,122 | 66,81,122 |
| വരവ് | 8,90,89,243 | 6,65,36,760 |
| ആകെ | 9,57,70,365 | 7,32,17,882 |
| ചെലവ് | 9,35,09,715 | 6,56,75,476 |
| നീക്കിയിരിപ്പ് | 22,60,650 | 75,42,406 |

ബജറ്റ് തയ്യാറാക്കിയതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ രേഖകൾ ലഭ്യമല്ലാത്തതിനാൽ 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215, തദ്ദേശസ്വയംഭരണവകുപ്പിന്റെ 2.12.16-ലെ ജി.ഓ (ആർ ടി) 3291/16 /എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ് എന്നിവ അനുസരിച്ചുള്ള നടപടിക്രമങ്ങളും പ്രവർത്തനഘട്ടങ്ങളും പാലിച്ചാണോ വാർഷികബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ബോധ്യപ്പെട്ടിട്ടില്ല. ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതും ആയതിന്റെ എല്ലാരേഖകളും ഫയൽചെയ്ത് സൂക്ഷിക്കേണ്ടതുമാണ്. കൂടാതെ സർക്കാരിൽ നിന്നും ലഭ്യമാകുന്ന പ്രതീക്ഷിത വരവുകൾ ബജറ്റിലുൾപ്പെടുത്തുമ്പോൾ മുൻവർഷം യഥാർത്ഥത്തിൽ ലഭിച്ച തുകകളും സംസ്ഥാന സർക്കാരിന്റെ തൻവർഷത്തേക്കുള്ള ബജറ്റ് വകയിരുത്തലുകളും കൂടി കണക്കിലെടുക്കേണ്ടതാണ്. ബജറ്റ് പ്രകാരമുള്ള വിഭവസമാഹരണം/വിനിയോഗ വകയിരുത്തലുകളിൽ യഥാർത്ഥ കണക്കുകളുമായി താരതമ്യത്തിന് അതീതമായ വ്യതിചലനം കാണുന്നു. ആയതിനാൽ ബജറ്റ് ഡോക്യുമെന്റ് ശാസ്ത്രീയമായ ധനവിനിയോഗ നിയന്ത്രണത്തിനുള്ള ഒരു ഉപാധിയായി പരിഗണിക്കാൻ കഴിയുന്നില്ല .

## 1-3 സാമ്പത്തികവിശകലനം

റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 6681122 |
| ഓഡിറ്റ് വർഷത്തെ വരവ് | 66536760 |
| ആകെ | 73217882 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 65675476 |
| നീക്കിയിരിപ്പ് | 7542406 |

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 69,997,584 |
| ആകെ ചെലവ് | 68,728,693 |
| വരുമാനമിച്ചം | 1,268,891 |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) | (5,565,617) |
| അറ്റ വരുമാന നഷ്ടം | (4,296,726) |

ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 10,379,813 |

## 1-4 ഫണ്ട് വിനിയോഗം

കട്ടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തെ വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഫണ്ട് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗം ധനകാര്യ പത്രിക പ്രകാരമുള്ളതും ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 24852000 | 24852000 | 18928129 | 5923871 | 76 |
| വികസന ഫണ്ട്-SCP | 0 | 13842000 | 13842000 | 11904959 | 1937041 | 86 |
| വികസന ഫണ്ട് | 0 | 62000 | 62000 | 55166 | 6834 | 89 |

| | | | | | | |
|---|---|---|---|---|---|---|
| -TSP | | | | | | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied) | 4509092 | 7116524 | 11625614 | 6358099 | 5267515 | 54 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 243272 | 4049663 | 4292935 | 3309591 | 983344 | 77 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 6099000 | 6099000 | 6098496 | 504 | 99.9 |
| TSC | 609780 | 16632 | 626412 | 0 | 626412 | |
| എം.പി-എം.എൽ.എ ഫണ്ട് | 143535 | 5650423 | 5793958 | 5615823 | 178135 | |
| കൊയ്ത്തുമെതി യന്ത്രത്തിന്റെ വാടക | 546376 | 16903 | 563279 | 0 | 563279 | |

- ഗ്രാന്റ് വിനിയോഗപത്രിക ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.
- പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിക്കുമ്പോൾ പ്രോജക്റ്റ് വിശദാംശങ്ങൾ(നം., പേര്, നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര്) എല്ലാം ഉൾപ്പെടുത്തി എ.സി.ആർ തയ്യാറാക്കിയിട്ടില്ല. ആയതിനാൽ സംസ്ഥാന സർക്കാർ ഗ്രാന്റ് ഒഴികെ മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ മുന്നിരിപ്പിന്റെ ആധികാരികത വ്യക്തമല്ല.

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗത്തിന്റെ കൃത്യത വ്യക്തമാക്കുന്ന 2022-23 ലെ വരവ്-ചെലവ്-തിരിച്ചടവ് കണക്കുകൾ, വിശദാംശങ്ങൾ, ഇടപാടുകളുടെ വാർഷിക സംക്ഷിപ്തം എന്നിങ്ങനെ എല്ലാ വിശദാംശവും ഉൾപ്പെടുത്തി ഓരോ ശീർഷകത്തിന്റെയും എ.സി.ആർ. തയ്യാറാക്കി ഹാജരാക്കിയിട്ടില്ല. ഇതിന് വിധേയമായി മാത്രമാണ് അനുബന്ധം 2 പ്രകാരമുള്ള ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പുറപ്പെടുവിക്കുന്നത്.

## 1-5 വാർഷികപദ്ധതി

സുസ്ഥിരവികസനം ഉറപ്പുവരുത്തുക ,കേരളത്തെ വൈജ്ഞാനിക സമൂഹമാക്കി വളർത്തുക, വിജ്ഞാനാധിഷ്ഠിത സമ്പദ് വ്യവസ്ഥയായി പരിവർത്തനപ്പെടുത്തുക തുടങ്ങിയ മുഖ്യലക്ഷ്യങ്ങളും പ്രാദേശിക സാമ്പത്തിക വികസനം, പ്രകൃതിവിഭവങ്ങളുടെ സംരക്ഷണം, സമഗ്രമായ സാമൂഹികസുരക്ഷ മുതലായ പൊതുലക്ഷ്യങ്ങളും അതിദാരിദ്ര്യനിർമ്മാർജ്ജനം, സംരംഭകത്വവികസനം, ഊർജ്ജസംരക്ഷണം എന്നിങ്ങനെ അനേകം സവിശേഷ ലക്ഷ്യങ്ങളും മുൻനിർത്തി വിഭാവനം ചെയ്തിട്ടുള്ളതാണ് പതിനാലാം പഞ്ചവത്സരപദ്ധതി. പദ്ധതിയുടെ ആദ്യവർഷമായ 2022-23 മുതലുള്ള വാർഷികപദ്ധതികൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19-4-22ലെ സ.ഉ(കൈ) നം 84/2022 നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായ നടപടിക്രമങ്ങൾ ബ്ലോക്ക്പഞ്ചായത്ത് തൃപ്തികരമായി നിറവേറ്റിയിട്ടുള്ളതായി രേഖകളിൽനിന്നും ബോധ്യമാകുന്നു . പദ്ധതി ആസൂത്രണത്തിന്റെ പ്രാഥമികഘട്ടമായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിച്ച് രൂപീകരിക്കുകയും വികസനരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ലഭ്യമാക്കിയ രേഖകൾപ്രകാരം പദ്ധതി ആസൂത്രണവും/ രൂപീകരണവുമായി ബന്ധപ്പെട്ട് ബ്ലോക്ക്പഞ്ചായത്ത് പിൻതുടർന്ന നടപടിക്രമങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Lതീയതി | പ്രവർത്തനഘട്ടം/ വിഷയം | റിമാർക്സ് |
|---|---|---|
| 17-12-21 | ആസൂത്രണസമിതിയോഗം | കാർഷികമേഖലയ്ക്ക് കൂടുതൽ പ്രാധാന്യം നൽകിയും, സ്വയംതൊഴിൽ പദ്ധതികൾ കൂടുതലായി ഉൾപ്പെടുത്തുന്നതിനും കോവിഡും പ്രളയവും തീർത്ത സാമ്പത്തിക |

| | | |
|---|---|---|
| | | പ്രതിസന്ധിയിൽനിന്നും കരകയറുന്നതിനുമുള്ള പ്രോജക്ടുകൾ വാർഷികപദ്ധതിയിലുൾപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ആസൂത്രണസമിതി അദ്ധ്യക്ഷൻകൂടിയായ ബഹു.പ്രസിന്റ് നിർദ്ദേശിച്ചു. 16 അംഗങ്ങൾ പ്രസ്തുത യോഗത്തിൽ ഹാജരായിട്ടുണ്ട്. |
| 3-3-22 | വികസനരേഖ പരിഷ്ക്കരിക്കൽ | നിലവിലെ സാമൂഹ്യ സാഹചര്യങ്ങളും കാലാനുസൃതമായ മാറ്റങ്ങളും കണക്കിലെടുത്ത് ബ്ലോക്ക്പഞ്ചായത്തിന്റെ 14-ാം പദ്ധതിക്കാലത്തേക്കുള്ള വികസനരേഖ പരിഷ്ക്കരിച്ച് തയ്യാറാക്കുന്നത് സംബന്ധിച്ച് യോഗം ചർച്ചചെയ്തു. 13 പേർ യോഗത്തിൽ പങ്കെടുത്തിരുന്നു. |
| 5-3-22 | വികസനരേഖ/ അവസ്ഥാറിപ്പോർട്ട് | യോഗമിനിറ്റ്സ് പ്രകാരം 4 പേർമാത്രമാണ് ടി യോഗത്തിൽ പങ്കെടുത്തിട്ടുള്ളത്. യോഗതീരുമാനങ്ങളും ചർച്ചാവിഷയങ്ങളും മിനിറ്റ്സിൽ എഴുതിചേർത്തിട്ടില്ല. |
| 21-3-22 | അവസ്ഥാറിപ്പോർട്ട് | 3 പേർ പങ്കെടുത്തു. തീരുമാനങ്ങൾ എഴുതി ചേർത്തിട്ടില്ല. |
| 13-5-22 | വർക്കിംഗ് ഗ്രൂപ്പ് യോഗം | പ്രസ്തുതയോഗത്തിൽ 22-2 വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 13 വിഷയമേഖലകളായി തിരിഞ്ഞ് ചർച്ച നടത്തി. മുൻവർഷങ്ങളിലെ പദ്ധതി പ്രവർത്തനങ്ങളിൽ ഒരു തിരുത്തൽ ഇടപെടലിന് ഉതകുന്നതരത്തിലുള്ള പദ്ധതികളാണാവശ്യമെന്നും 5 വർഷത്തെ വികസന പരിപ്രേക്ഷ്യം എന്ന നിലയിൽ കണ്ട് അത്തരം പദ്ധതികൾക്ക് തുടക്കം കുറിക്കണമെന്നും വിവിധ നിർദ്ദേശങ്ങൾ ക്രോഡീകരിച്ചുകൊണ്ട് അദ്ധ്യക്ഷൻ അറിയിച്ചു. |
| 30-5-22 | പദ്ധതി രൂപീകരണ ഗ്രാമസഭ കരട് പദ്ധതിരേഖ | 79 പേർ മാത്രമാണ് പങ്കെടുത്തിട്ടുള്ളത്. നവകേരളത്തിനായുള്ള ഗവൺമെന്റിന്റെ നയങ്ങൾക്കും വികസന ലക്ഷ്യങ്ങൾക്കും അനുപൂരകമായ വികസന പ്രവർത്തനങ്ങളാണ് |

| | | |
|---|---|---|
| | | നടത്തേണ്ടതെന്നും കാർഷികോത്പ്പാദനവും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കുന്നതിനും, കോവിഡും വെള്ളപ്പൊക്കവും സൃഷ്ടിച്ച സാമ്പത്തിക തകർച്ചയിൽനിന്ന് സമസ്തമേഖലകളേയും പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നൂതനപദ്ധതികൾ ആവിഷ്ക്കരിക്കണമെന്നും യോഗത്തിൽ അഭിപ്രായസമന്വയമുണ്ടായി . |
| 17-6-22 | വികസനസെമിനാർ | വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയിട്ടുള്ള കരട് പദ്ധതികളിന്മേൽ ചർച്ച നടത്തി 95 പദ്ധതികളടങ്ങുന്ന കരട് പദ്ധതിരേഖ അംഗീകരിച്ചു. യോഗമിനിറ്റ്സ് പ്രകാരം 69 പേർ മാത്രമേ വികസനസെമിനാറിൽ പങ്കെടുത്തിട്ടുള്ളൂ. |
| 18-6-22 | ജനറൽകമ്മിറ്റിയോഗം | വർക്കിംഗ് ഗ്രൂപ്പുകളുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ വിവിധ സ്റ്റാന്റിംഗ് കമമിറ്റികൾ അംഗീകരിച്ച് സമർപ്പിച്ച പ്രോജക്ട് നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയ കരട് പദ്ധതിരേഖ അംഗീകരിച്ച തീരുമാനിച്ചു (അജണ്ട-1 തീരുമാനം-2) |
| 21-6-22 | ,, | 22-23വർഷത്തെ വികസനരേഖ അംഗീകരിച്ചു<br>അജണ്ട-2 തീരുമാനം-1 |
| 21-6-22 | ,, | പദ്ധതിരേഖയ്ക്കും പ്രോജക്ടുകൾക്കും ഭരണാനുമതി നൽകി |

ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 05-03-2023 ലെ 82898/22 /DPC/DPO/KTM നമ്പർ ഉത്തരവു പ്രകാരം ഭേദഗതി നിർദ്ദേശങ്ങളോടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

വാർഷികപദ്ധതി- വകയിരുത്തലും ചെലവു വിവരങ്ങളും

ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വാർഷികപദ്ധതിക്ക് വിവിധ ഫണ്ടുകളിൽ നിന്നായി ആകെ 8,95,34,585/- രൂപ വകയിരുത്തിയിരുന്നു. സ്പിൽ ഓവർ ഉൾപ്പെടെ ആകെ 121 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 85 പ്രോജക്ടുകൾക്കുവേണ്ടി മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്.

നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ

ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയ 10 സ്ഥാപനങ്ങളിലേതുൾപ്പെടെ ആകെ 9 നിർവ്വഹണോദ്യോഗസ്ഥർക്കായി പദ്ധതിനിർവ്വഹണചുമതല വിഭജിച്ചു നൽകിയിരുന്നു. നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകാരം കിട്ടിയ പ്രോജക്ടുകൾ / നടപ്പാക്കിയ | വകയിരുത്തിയ തുക/ ചെലവഴിച്ച തുക | ചെലവു ശതമാനം |
|---|---|---|---|

| | | | |
|---|---|---|---|
| | പ്രോജക്കുകൾ | | |
| സെക്രട്ടറി | 40 / 26 | 4,27,23,339 / 2,04,51,157 | 57.37 |
| സി.ഡി.പി.ഒ. | 4 / 4 | 37,05,000 / 36,40,039 | 98.25 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 4 / 2 | 29,77,900 / 10,35000 | 34.76 |
| അസിസ്റ്റന്റ് എൻജിനീയർ | 44 / 28 | 2,54,13,746 / 1,16,93020 | 46.01 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, | 13/ 12 | 44,99,000 / 40,58,973 | 90.22 |
| പട്ടികജാതി വികസന ഓഫീസർ | 3 / 3 | 45,40000 / 42,94,749 | 94.6 |
| അസിസ്റ്റന്റ് ഡയറക്ടർ, കൃഷി | 8 / 6 | 23,81,600 / 10,15,362 | 42.63 |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 3 / 2 | 30,00,000 / 9,63,673 | 32.12 |
| അസി.എക്സി.എൻജിനീയർ | 2 / 2 | 2,94000 / 2,50,848 | 85.32 |
| ആകെ | 121 / 85 | 8,95,34,585 / 4,74,02,851 | 52.94 |

വാർഷികപദ്ധതി -വിലയിരുത്തൽ

* 8.95കോടി രൂപ വകയിരുത്തിയിരുന്നെങ്കിലും 4,74,02,851/- രൂപയെ ചെലവഴിച്ചിട്ടുള്ളൂ എന്നതിനാൽ വാർഷികപദ്ധതിച്ചെലവ് 52.9% മാത്രമാണ്.

* പൊതുജനങ്ങൾക്ക് വളരെ പ്രയോജനപ്പെടുന്നതരത്തിൽ ജില്ലയിലെതന്നെ ആദ്യത്തെ സംരംഭമായി കെ.എസ്.ആർ.ടിസിയുമായി ചേർന്ന് "ഗ്രാമവണ്ടി " എന്ന നൂതനപ്രോജക്ട് ബ്ലോക്ക്പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കിയത് ശ്ലാഘനീയമാണ്.

* അങ്കനവാടികൾക്ക് സ്ഥലവും കെട്ടിടവും എന്ന പ്രോജക്ട്പ്രകാരം കടുത്തുരുത്തി, ഞീഴൂർ, മുളക്കുളം ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം നല്കുന്നതിനായി 16 ലക്ഷത്തിലധികം രൂപ ചെലവഴിച്ചു.

*ദാരിദ്ര്യനിർമ്മാർജ്ജനം ലക്ഷ്യമാക്കി പൊതു/പട്ടികജാതി വിഭാഗം ഗുണഭോക്താക്കൾക്കായി ആവിഷ്കരിച്ച പാർപ്പിട പദ്ധതികളായ ലൈഫ്, പി.എം.എ.വൈ , പി.എം.എ.വൈ ആവാസ് പ്ലസ് എന്നിവയിലൂടെ തൻവർഷം ബ്ലോക്ക്പഞ്ചായത്തിന്റെ പദ്ധതിവിഹിതത്തിൽ നിന്നും 1.26 കോടിയിലധികം രൂപ ചെലവഴിച്ചിട്ടുണ്ട്.

* കാർഷികമേഖലയ്ക്ക് ഏറ്റവും കൂടുതൽ പ്രാധാന്യം കൊടുത്തുകൊണ്ടുള്ള വികസനകാഴ്ച്ചപ്പാടോടുകൂടി ഉത്പ്പാദനവർദ്ധനവിനും വിപണനസാധ്യതയ്ക്കും ഉതകുന്ന തരത്തിലുള്ള പ്രോജക്ടുകൾ നടപ്പാക്കാൻ ലക്ഷ്യമിട്ടിരുന്നുവെങ്കിലും അവയിൽ പലതും തൻവർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. പച്ചക്കറി സംഭരണകേന്ദ്രം, കാർഷികോത്പ്പന്നങ്ങളുടെ മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ നിർമ്മിക്കാനുള്ള യൂണിറ്റുകൾ, പശ്ചാത്തലസൗകര്യം , തരിശുകൃഷി മുതലായവ ഉദാഹരണങ്ങളാണ്.

* മാലിന്യസംസ്കരണവും ജൈവവളനിർമ്മാണവും ലക്ഷ്യമിട്ട് സ്ഥാപിച്ചിട്ടുള്ള എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റിന്റെ പ്രവർത്തനം നിലവിൽ കാര്യക്ഷമമല്ല.

78.67 ലക്ഷം രൂപയുടെ വികസനഫണ്ട് വിഹിതം വിനിയോഗിക്കാതെ നഷ്ടമായി.

വികസനപ്രവർത്തനങ്ങൾക്കായി ജനറൽ, എസ്.സി.പി, റ്റി.എസ്.പി വിഭാഗങ്ങളിലായി സർക്കാർ അനുവദിച്ച വികസനഫണ്ട് വിഹിതത്തിൽ 78 ലക്ഷത്തിലധികം രൂപയോളം വാർഷികപദ്ധതിക്കായി പ്രയോജനപ്പെടുത്താതെ ബ്ലോക്ക് പഞ്ചായത്തിന് നഷ്ടമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ലഭ്യമായ തുക | വിനിയോഗിച്ചത് | ബ്ലോക്ക് പഞ്ചായത്തിന് |
|---|---|---|---|

| | | | നഷ്ടമായ തുക |
|---|---|---|---|
| വികസനഫണ്ട്-ജനറൽ | 2,48,52000 | 1,89,28,129 | 59,23,871 |
| എസ്.സി.പി | 1,38,42000 | 1,19,04959 | 19,37,041 |
| റ്റി.എസ്.പി | 62000 | 55166 | 6834 |
| ആകെ | 38756000 | 3,08,88,254 | 78,67,746 |

തനതുഫണ്ട് വളരെ പരിമിതമായ സാഹചര്യത്തിലും വികസനപദ്ധതികൾക്കായി ലഭ്യമാകുന്ന സർക്കാർഗ്രാന്റുകൾ വിനിയോഗിക്കാതെ നഷ്ടപ്പെടുന്ന സാഹചര്യം ഗൗരവമായി കാണേണ്ടതും ആയത് ഒഴിവാക്കാനുള്ള ഇടപെടലുകളും പ്രവർത്തനങ്ങളും തുടർവർഷങ്ങളിൽ ഉണ്ടാകേണ്ടതുമാണ്.

<u>തനതുഫണ്ടിൽനിന്നുള്ള പ്രോജക്ട് ചെലവുകൾ പൂർണ്ണമായും വരവു-ചെലവുപത്രികയിൽ പ്രതിഫലിച്ചിട്ടില്ല.</u>

വാർഷികപദ്ധതിയിൽ സർക്കാർ ഗ്രാന്റിനൊപ്പം തനതുഫണ്ടും വകയിരുത്തിയിട്ടുള്ള പ്രോജക്ടുകളുടെ തനതുഫണ്ടിൽനിന്നുള്ള ചെലവ് പൂർണ്ണമായും സുലേഖപ്രകാരമുള്ള വരവുചെലവു കണക്കിൽ പ്രതിഫലിക്കുന്നില്ല. പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | തനതുഫണ്ടിൽനിന്നുള്ള യഥാർത്ഥ ചെലവ് | വരവുചെലവുപത്രിക പ്രകാരം ചെലവ് | റിമാർക്സ് |
|---|---|---|---|
| 106/23<br>കടുത്തുരുത്തി ബ്ലോക്കിന് കീഴിലുള്ള ഗതാഗതസൗകര്യം കുറവുള്ള പഞ്ചായത്തുകളിൽ കെ.എസ്.ആർ. ടി.സിയുമായി ചേർന്ന് ഗ്രാമവണ്ടി | 5,54,702 /- | 3,74,564 /- | 1,80,138/-രൂപയുടെ ചെലവ് പദ്ധതിച്ചെലവിൽ ഉൾപ്പെട്ടിട്ടില്ല |
| 161/23<br>കേരളോത്സവം | 1,39,459/- | 75,977 /- | 63,482/-രൂപ പദ്ധതിച്ചെലവിൽ വന്നിട്ടില്ല. |
| 166/23<br>സരസ് മേള -ബ്ലോക്ക് വിഹിതം | 2,00000/- | ഇല്ല | XY-3040042/ 19-12-22 നം ചെക്ക്പ്രകാരം കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്ററുടെ അക്കൗണ്ടിലേക്ക് തുക കൈമാറിയിട്ടുണ്ട്. |

അപാകത പരിഹരിക്കപ്പെടുന്നതിനും ആവർത്തിക്കാതിരിക്കുന്നതിനുമുള്ള നടപടികളുണ്ടാകേണ്ടതാണ്.

<u>12, 13 പദ്ധതിക്കാലയളവിലെ ഡെപ്പോസിറ്റ് പ്രവൃത്തികൾ- വിനിയോഗമിച്ചം വന്ന 20 ലക്ഷത്തിലധികം രൂപ സർക്കാരിലേക്ക് തിരിച്ചടച്ചു.</u>

2014-15 മുതൽ 2020-21 വരെയുള്ള കാലയളവിൽ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിരുന്നതിൽ ചെലവഴിച്ചതിനുശേഷം മിച്ചമുണ്ടായിരുന്നതും വർഷങ്ങളായി വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ അവശേഷിച്ചിരുന്നതുമായ 20,30,263/-രൂപയും 21-22 വാർഷികപദ്ധതിയിലെ ഗോവിന്ദപുരം- പാലകര പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ എന്ന പ്രവൃത്തിയുടെ ബാലൻസ് തുക 20685/-രൂപയും ഉൾപ്പെടെ ആകെ 20,50,948/-രൂപ വാട്ടർ അതോറിറ്റിയിൽനിന്നും തിരികെ ലഭിച്ചത് സർക്കാരിലേക്ക് തിരികെ അടവാക്കാൻ യഥാക്രമം 28-5-22, 5-12-22 തീയതികളിൽ കൂടിയ ബ്ലോക്ക്പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുകയും ആയതനുസരിച്ച് നിശ്ചിത ശീർഷകത്തിൽ തുക സർക്കാരിലേക്ക് തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട്. ശരിയായ എസ്റ്റിമേറ്റും മതിപ്പ് ചെലവും കണക്കാക്കാതെ

ആവശ്യാധിഷ്ഠിതമല്ലാതെ ഭീമമായ തുക നിർവ്വഹണ ഏജൻസികളിലേയ്ക്ക് മുൻകൂറായി ഡെപ്പോസിറ്റ് ചെയ്യുക വഴി തുടർ വർഷങ്ങളിൽ ടി തുക തിരികെ ഈടാക്കുന്നതിനും സർക്കാരിലേയ്ക്ക് തിരികെ ഒടുക്കുന്നതിനുമായി അനാവശ്യമായി നടപടികൾ സ്വീകരിക്കേണ്ടി വരുന്ന അവസ്ഥ ഒഴിവാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

പ്രത്യേക പരാമർശമില്ല.

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

വിവിധ സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഗ്രാമപഞ്ചായത്തുകൾ മുഖേന വിതരണം ചെയ്യുന്നതിനാൽ ബ്ലോക്ക് പഞ്ചായത്ത് സാമൂഹ്യക്ഷേമ പെൻഷനുകൾക്ക് തുക ചെലവഴിച്ചിട്ടില്ല.

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.06.2023, 3.16 പി.എം ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ടി ദിവസം തുകകൾ ലഭ്യമായിരുന്നില്ല എന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ബ്ളോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പൊതുവായ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

1) പൊതുനിയന്ത്രണം

ആഭ്യന്തര നിയന്ത്രണം ഉത്തരവാദിത്വമായി ഉൾക്കൊണ്ടുകൊണ്ട് റിസ്ക് നിർണ്ണയിക്കുന്നതിനും അവ പരിഹരിക്കുന്നതിനുമുള്ള നടപടികൾ ഭരണസമിതി സ്വീകരിച്ചിട്ടുണ്ട്. ഒരു ഇടപാടിന്റെ എല്ലാ തലങ്ങളും ഒരേ ജീവനക്കാരൻ തന്നെ ചുമതലകൾ നിർവഹിക്കുന്ന അവസ്ഥ ശാസ്ത്രീയമായ ജോലി വിഭജനത്തിലൂടെ ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

2) അക്കൗണ്ടിംഗ് സംവിധാനം (Sankhya Software മുഖേന)

അക്കൗണ്ടിംഗ് ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം സാംഖ്യ സോഫ്റ്റ്‌വെയറിലധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം പിൻതുടരുന്നു, എങ്കിലും ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല. അക്കൗണ്ടിംഗിലെ അപാകതകൾ ഖണ്ഡിക 1-2 ൽ പരാമർശിച്ചിട്ടുണ്ട്.

3) ക്യാഷ്, ബാങ്ക് നിയന്ത്രണം

പ്രതിമാസ, വർഷാന്ത്യ റിക്കൺസീലിയേഷനുകൾ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

4) പേ റോൾ നിയന്ത്രണം

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചു വരുന്നു.

6) ആസ്തി നിയന്ത്രണം ഫലപ്രദമല്ല

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല.

7) ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം

1997--ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.07.2019 മുതൽ 15.07.2019 വരെ | 01.04.2018 മുതൽ 31.03.2019 വരെ | 02.08.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.03.2018 മുതൽ 21.03.2018 വരെ | 2013-14 മുതൽ 2017-18 വരെ | 25.04.2018 |

1-11 ഇ.ടെണ്ടർ - ടെണ്ടർ ഫീ ലഭ്യമായിട്ടില്ല.

ചീഫ് എഞ്ചിനീയറുടെ 17.08.2017ലെ DB1/7942/2010/CE/LSGD നം സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനും മറ്റുമായി ബ്ലോക്ക്പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ SBI യിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട് (അക്കൗണ്ട് നമ്പർ 41593752040). എന്നാൽ നാളിതുവരെയുള്ള ഇ-ടെണ്ടറുകളുടെ ടെണ്ടർ ഫീസ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോട്ടയം ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിന്നും ബ്ലോക്ക്പഞ്ചായത്തിലേയ്ക്ക് ലഭ്യമായില്ല. ടെണ്ടർ തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്ക് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ മുൻവർഷങ്ങളിൽ ഈ ഇനത്തിൽ ലഭിക്കാനുള്ള തുക കൂടി ഡിമാന്റ് ചെയ്ത് തിരികെ ഈടാക്കേണ്ടതാണ്. തൻവർഷം ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ട് കോസ്റ്റ് | കരാറുകാരുടെ എണ്ണം | ടെണ്ടർ ഫീ | ആകെ |
|---|---|---|---|---|---|
| 1 | 169/23 | 2500000 | 2 | 2760 | 5520 |
| 2 | 174/23 | 601020 | 5 | 1325 | 6625 |
| 3 | 171/23 | 500000 | 5 | 1105 | 5525 |
| 4 | 173/23 | 601020 | 2 | 1120 | 2240 |
| 5 | 167/23 | 1000000 | 2 | 1870 | 3740 |
| 6 | 105/23 | 750000 | 2 | 1400 | 2800 |
| 7 | 156/23 | 1000000 | 4 | 1870 | 7480 |
| 8 | 118/23 | 805100 | 3 | 1505 | 4515 |
| 9 | 9/23 | 1199700 | 1 | 2760 | 2760 |
| 10 | 8/23 | 1380000 | 2 | 2760 | 5520 |
| 11 | 113/23 | 750000 | 1 | 1400 | 1400 |
| 12 | 105/23 | 600000 | 1 | 935 | 935 |
| 13 | 145/23 | 800000 | 3 | 1460 | 4380 |
| 14 | 143/23 | 500000 | 2 | 870 | 1740 |
| 15 | 124/23 | 500000 | 5 | 1870 | 9350 |
| 16 | 121/23 | 1000000 | 8 | 2760 | 22080 |
| 17 | 120/23 | 500000 | 2 | 935 | 935 |
| 18 | 119/23 | 500000 | 1 | 935 | 935 |
| 19 | 117/23 | 750000 | 3 | 1395 | 4185 |
| 20 | 115/23 | 750000 | 4 | 1405 | 5620 |
| 21 | 113/23 | 750000 | 1 | 1400 | 1400 |
| 22 | 109/23 | 470448 | 2 | 935 | 1870 |
| 23 | 107/23 | 424817 | 4 | 935 | 3740 |
| 24 | 105/23 | 750000 | 1 | 935 | 935 |
| 25 | 10/23 | 500000 | 6 | 935 | 5610 |
| 26 | 7/23 | 1000000 | 8 | 1870 | 14960 |
| | | | | ആകെ | 126800 |

തുക ലഭ്യമാക്കിയ ശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-12 ഗ്രാമവണ്ടി- ബ്ലോക്ക്പഞ്ചായത്ത് ഏറ്റെടുത്ത ശ്രദ്ധേയമായ പ്രോജക്ട് - മാതൃകാപരം

2022-23 വാർഷികപദ്ധതി വിലയിരുത്തുമ്പോൾ കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കിയ ശ്രദ്ധേയമായ ഒരു നൂതന പ്രോജക്ടാണ് " ഗ്രാമവണ്ടി "തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ആരംഭിച്ചിട്ടുള്ള ഈ പദ്ധതി പൊതുഗതാഗതം കടന്നുചെന്നിട്ടില്ലാത്ത മേഖലകളിലേയും യാത്രാസൗകര്യം അപര്യാപ്തമായ മേഖലകളിലേയും പൊതുഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതിനുദ്ദേശിച്ചുള്ളതാണ്. കടുത്തുരുത്തി ബ്ലോക്ക്പഞ്ചായത്തിനു കീഴിൽ വരുന്ന ഗതാഗതസൗകര്യം കുറവുള്ള പഞ്ചായത്തുകളിലെ വിവിധ പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സിയുമായി ചേർന്ന് നടപ്പിലാക്കിയ ഈ പദ്ധതി നടപ്പിൽവന്നതിലൂടെ ടി പ്രദേശങ്ങളിലെ സ്വന്തമായി വാഹനമില്ലാത്ത ജനങ്ങളുടെ യാത്രാക്ലേശം ഒരു പരിധിവരെ പരിഹരിക്കപ്പെട്ടിട്ടുള്ളതായി അറിയുന്നു.

തദ്ദേശസ്വയംഭരണവകുപ്പിന്റെ 22-3-22-ലെ സ.ഉ(സാധാ) നം 704/2022/LSGD പ്രകാരം കെ.എസ്.ആർ.ടി.സി-യുടെ ഗ്രാമവണ്ടി സർവ്വീസിന് തദ്ദേശഭരണസ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന റൂട്ടുകളിൽ ഓടുന്ന ബസുകൾക്ക് തനതുഫണ്ട്/സംഭാവന ഉപയോഗിച്ച് ഡീസലിനുള്ള പണം നൽകുന്നതിന് യഥേഷ്ടാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി തദ്ദേശഭരണസ്ഥാപനങ്ങൾ കെ.എസ്.ആർ.ടി.സിയുമായി കരാറിലേർപ്പെടണമെന്നും ഓരോ വർഷവും കരാർ പുതുക്കേണ്ടതാണെന്നും പദ്ധതിനടത്തിപ്പ് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ബസ് ഒന്നിന് കെ.എസ്.ആർ.ടി.സി നിശ്ചയിക്കുന്ന തുക മടക്കിനൽകുന്ന ഡെപ്പോസിറ്റ് ആയി നൽകേണ്ടതാണ്. ഓരോമാസവും ഉപയോഗിക്കുന്ന ഡീസലിന്റെ തുക ഓടിയ ദൂരവും ഉപയോഗിച്ച ഡീസലും കണക്കാക്കി കെ.എസ്.ആർ.ടി.സി നൽകുന്ന ഇൻവോയ്സ് പ്രകാരം കെ.എസ്.ആർ.ടി.സി.യിൽ അടയ്ക്കേണ്ടതുമാണ്.

മേൽവ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വൈക്കം കെ.എസ്.ആർ.ടി.സി അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസറുമായി 13-9-22-ൽ ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. നിലവിൽ ബ്ലോക്ക് പഞ്ചായത്ത് നിശ്ചയിച്ച് നൽകിയ രണ്ട് വ്യത്യസ്ത റൂട്ടുകളിൽ ഗ്രാമവണ്ടി മുടങ്ങാതെ സർവ്വീസ് നടത്തിക്കൊണ്ടിരിക്കുന്നു. ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് ഇനത്തിൽ 1 ലക്ഷം രൂപയും ഡീസൽ ചാർജിനത്തിൽ 454702/-രൂപയും തനതുഫണ്ടിൽനിന്നും ബ്ലോക്ക്പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്.

തനതുവരുമാനം കുറവായതിനാൽ പദ്ധതി ചെലവ് ബ്ലോക്ക് പഞ്ചായത്തിന്റെ ബാധ്യത വർദ്ധിപ്പിക്കാത്ത തരത്തിൽ വാഹനസൗകര്യമില്ലാത്ത പ്രദേശങ്ങളിലെ പാവപ്പെട്ട ജനങ്ങൾക്ക് ഏറെ പ്രയോജനം ചെയ്യുന്ന ഈ പദ്ധതി തുടർവർഷങ്ങളിലും നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. ആയതിന് ബന്ധപ്പെട്ട ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ള പ്രകാരം തനതുഫണ്ട് കൂടാതെ, നിയമാനുസൃതനടപടികളും സുതാര്യതയും ഉറപ്പുവരുത്തി പൊതുജനങ്ങളിൽനിന്നും സ്ഥാപനങ്ങളിൽ നിന്നും സംഭാവനകളും പരസ്യങ്ങളും സ്വീകരിച്ച് സ്പോൺസർഷിപ്പ് വ്യവസ്ഥയിൽ ആവശ്യമായ തുക കണ്ടെത്താവുന്നതാണ്. ഈ വിഷയത്തിൽ ബ്ലോക്ക്പഞ്ചായത്ത് ഭരണസമിതിയുടേയും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും മേൽനോട്ടവും ഇടപെടലും ഉണ്ടാകേണ്ടത് അനിവാര്യമാകയാൽ ഇതിലേയ്ക്ക് അധികൃതരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-13 തനതുഫണ്ട് ചെലവുകൾ- അപാകതകൾ

കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തെ തനതുഫണ്ടിൽ നിന്നുള്ള ചെലവുവൗച്ചറുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

| ക്രമ.നം. | വൗച്ചർ നം., തീയതി | തുക | വൗച്ചർ വിശദാംശം | റിമാർക്സ് |
|---|---|---|---|---|
| 1 | 62/22-23, 14.10.2022 | 1100 | KL-43-J.3168 നമ്പർ വാഹനം 24.09.2022 ൽ പ്രസിഡന്റിന് യാത്ര ചെയ്യുന്നതിന് വാടകയ്ക്ക് എടുത്തപ്പോൾ ഡ്രൈവർ | ലോഗ് ബുക്ക് പ്രകാരം 24.09.2022 ൽ പ്രസിഡന്റുമായി ഓഫീസ് വാഹനത്തിൽ കോട്ടയം യാത്ര |

| | | | | |
|---|---|---|---|---|
| | | | സിബി സെബാസ്റ്റ്യന് വാഹനവാടക ഇനത്തിൽ നൽകിയ തുക (ട്രിപ്പ് ഷീറ്റിൽ സമയം രേഖപ്പെടുത്തിയിട്ടില്ല) | രേഖപ്പെടുത്തിയിട്ടുള്ളതും (KL36A -9116 ) ടി തീയതിയിൽ ഡീസൽ നിറച്ചിട്ടുള്ളതുമാണ്. |
| 2 | 80/21-22, 15.11.2022 | 7250/- | 31.08.2022 ൽ ഡ്രൈവർ ശ്രീ.മനു കടുത്തുരുത്തിയിലെ വിവിധ ഭാഗങ്ങളിലും കോട്ടയം വരെയും ഔദ്യോഗിക വാഹനത്തിൽ കൃത്യനിർവ്വഹണം നടത്തിയിട്ടുള്ളതും 2 യാത്രകളായി പരിഗണിച്ച് ആകസ്മിക ചെലവായി 125/- രൂപയ്ക്ക് പകരം 250/- രൂപ നൽകിയിട്ടുണ്ട്. | ഔദ്യോഗിക വാഹനത്തിലെ കൃത്യനിർവ്വഹണത്തിന് ആകസ്മിക ചെലവായി ഡ്രൈവർമാർക്ക് 6 മുതൽ 12 മണിക്കൂറിൽ കവിയാത്ത യാത്രകൾക്ക് അര ദിനബത്തയ്ക്കാണ് അർഹത |
| | ” | | 14.09.2022 ൽ ഞീഴൂർ, കോട്ടയം എന്നിവിടങ്ങളിലെ യാത്രകൾ 2 ആയി രേഖപ്പെടുത്തുകയും HALF DA നൽകുന്നതിന് പകരം 125+125=250/- രൂപ നൽകിയിട്ടുണ്ട്. | ” |

അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് (നം.11/26.06.2013) മറുപടി ലഭ്യമാക്കിയില്ല. അധികമായി നൽകിയ തുക കണക്കാക്കി തിരികെ ഈടാക്കേണ്ടതും അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

1-14 പഠനമുറി പൂർത്തിയായില്ല.

| | |
|---|---|
| പ്രോജക്ട് നമ്പരും പേരും | 65/2022-23 |
| നിർവ്വഹണോദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| ഫണ്ടിനം | വികസനഫണ്ട് (എസ്.സി.പി) |
| അടങ്കൽ | 4031733 |
| ചെലവ് | 4031733 |
| ബിൽ നമ്പർ | 165/11.12.22 -125000 |

മേൽ പ്രോജക്ട് പ്രകാരം ശ്രീ.കുഞ്ഞ് കുഞ്ഞ്.കെ.കെ, ചോഴഞ്ചേരിയിൽ, തലയോലപ്പറമ്പ് എന്ന വ്യക്തിക്ക് 2022 -23 സാമ്പത്തിക വർഷത്തിൽ ഒന്നാം ഗഡുവായ 50000 രൂപ അനുവദിച്ച് നൽകിയിരുന്നു. എന്നാൽ നാളിതുവരെ

പഠനമുറി പൂർത്തീകരിച്ചിട്ടില്ലാത്തതിന്റെ വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(03/ 23.06.23) പഠനമുറിയ്ക്ക് അനുവദിച്ച പെർമിറ്റ് വഴിത്തർക്കം മൂലം റദ്ദാക്കിയതിനാൽ തുടർ പ്രവർത്തനങ്ങൾ സാദ്ധ്യമല്ലായെന്നും നിർമ്മാണ പ്രവർത്തനങ്ങൾ തുടരുന്നതിന് തടസ്സമുണ്ടോയെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആരാഞ്ഞെങ്കിലും മറുപടി ലഭ്യമാകാത്ത സാഹചര്യത്തിൽ തുക തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഠനമുറി നിർമ്മാണം പൂർത്തിയാക്കുന്നതിന് ആവശ്യമായ തുടർ നടപടി സ്വീകരിക്കുകയോ അല്ലാത്തപക്ഷം അഡ്വാൻസ് നൽകിയ തുക തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

1-15 തിരുവമ്പാടി വലിയതോടിന് ചെക്ക് ഡാം - എൻ.ഒ.സി ലഭ്യമായില്ല - തുടർ പ്രവൃത്തികൾ മുടങ്ങികിടക്കുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 8/23 |
| അടങ്കൽ, ഫണ്ടിനം | 13,80,000/- ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 436733/- |
| ബിൽ നമ്പർ, തീയതി | 396/30.3.23 |
| നിർവ്വഹണോദ്യോഗസ്ഥ | അസി.എഞ്ചിനീയർ |

ഞീഴൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് 12 ൽ സ്ഥിതിചെയ്യുന്ന തിരുവമ്പാടി വലിയതോടിന് ചെക്ക് ഡാം നിർമ്മിക്കുകയാണ് പ്രോജക്ടിന്റെ ലക്ഷ്യം. റോജി സേവ്യർ എന്നയാൾക്ക് കരാർ നൽകുകയും 30.1.23 ൽ പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. തൻ വർഷം പാർട്ട് ബിൽ നൽകുകയും ചെയ്തു. പ്രോജക്ടിന്റെ നിർവ്വഹണത്തിന് എൻ.ഒ.സി ലഭ്യമാക്കാൻ അസി.എഞ്ചിനീയർ മൈനർ ഇറിഗേഷൻ, കടുത്തുരുത്തിക്ക് കത്ത് നൽകിയിട്ടുണ്ട് (കത്ത് നമ്പർ 01/AE/LSGD/KDTY/21-22 Dt 29.12.22). എന്നാൽ നാളിതുവരെ എൻ.ഒ.സി ലഭ്യമായിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/ 26.6.230 ) തോടിന് കൂടുതൽ സംരക്ഷണം ലഭിക്കുന്ന രീതിയിൽ എസ്റ്റിമേറ്റിൽ ചില മാറ്റങ്ങൾ നിർദ്ദേശിക്കപ്പെട്ടുവെന്നും ആയതിന് മതിയായ ഫണ്ട് ലഭ്യമല്ലാത്തതിനാൽ 2023-24 വർഷം ആയത്കൂടി ഉൾപ്പെടുത്തി പദ്ധതി രൂപീകരിക്കുമെന്ന് മറുപടി ലഭ്യമാക്കി. അപാകത പരിഹരിച്ച് എൻ.ഒ.സി ലഭ്യമാക്കി ബാക്കിയുള്ള പ്രവൃത്തികൾ കൂടി പൂർത്തിയാക്കി ചെക്ക് ഡാം ജനങ്ങൾക്ക് ഉപയുക്തമാക്കേണ്ടതാണ്. തുടർ നടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-16 പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് - യൂണിറ്റ് നിലവിൽ പ്രവർത്തിപ്പിക്കുന്നില്ല

| | |
|---|---|
| പ്രോജക്ട്നമ്പർ | 127/13 |
| അടങ്കൽ | 221124 (സി.എഫ്.സി അവാർഡ് തുക)<br>58,876 (തനതുഫണ്ട്) |
| ചെലവ് | 221124 ( സി.എഫ്.സി)<br>18670 (തനതുഫണ്ട്)<br>239734 |
| ബിൽ നമ്പർ | 331/13-3-23, |

മാലിന്യസംസ്കരണം ലക്ഷ്യമാക്കി ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിനുവേണ്ടി ആവിഷ്കരിച്ചതാണ് മേൽപ്രോജക്ട്. നിർവ്വഹണസ്ഥാപനമായ സോഷ്യോഎക്കണോമിക് യൂണിറ്റ് ലഭ്യമാക്കിയ 278000/-രൂപയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിച്ചതിനെതുടർന്ന് 20-12-22ന് സ്ഥാപനവുമായി കരാർ വയ്ക്കുകയും എസ്റ്റിമേറ്റിൽ പറഞ്ഞപ്രകാരം രണ്ട് ബിന്നുകൾ ഉൾപ്പെടുന്ന കമ്പോസ്റ്റ് യൂണിറ്റിന്റെ നിർമ്മാണം പൂർത്തീകരിച്ച് പൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതായും കാണുന്നു. നേരിട്ട് പരിശോധിച്ചതിൽ യൂണിറ്റ് നിലവിൽ നിശ്ചിത ആവശ്യത്തിനായി പ്രവർത്തിക്കുന്നില്ലായെന്ന് വ്യക്തമായി.

സ്ഥാപനവുമായുള്ള കരാറിൽ എയ്റോബിക് യൂണിറ്റിന്റെ ഗുണനിലവാരം സ്ഥാപനത്തിന്റെ ഉത്തരവാദിത്വമായിരിക്കുമെന്നും കൂടാതെ പ്ലാന്റിന് ഒരുവർഷത്തിനുള്ളിൽ ഉണ്ടാകുന്ന നിർമ്മാണതകരാർ സ്ഥാപനത്തിന്റെ ഉത്തരവാദിത്വത്തിൽ പരിഹരിക്കുന്നതാണെന്നും വ്യവസ്ഥ ചെയ്യുന്നു (നം-3). എന്നാൽ പ്ലാന്റ് പ്രവർത്തിക്കാത്തതിനാൽ ഗുണനിലവാരം ഉറപ്പുവരുത്താനും പ്രവർത്തനതകരാർ കണ്ടെത്താനും സാധിക്കാത്ത സാഹചര്യവും നിലനിൽക്കുന്നു.

മേൽ വിഷയത്തിൽ രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടതിന് (എൻക്വയറി നം- 6/24-6-23), ഹരിത ഓഫീസ് ആയി പ്രഖ്യാപിച്ചതിനുശേഷം ദൈനംദിനമുള്ള ഭക്ഷണാവശിഷ്ടം കുറവാണെന്നും വലിയ രീതിയിലുള്ള പരിപാടികൾ നടത്തുമ്പോൾ മാത്രമാണ് യൂണിറ്റിൽ നിക്ഷേപിക്കത്തക്ക തരത്തിലുള്ള ഭക്ഷണാവശിഷ്ടങ്ങൾ ഉണ്ടാകുന്നുള്ളൂ എന്നും അങ്ങനെയുണ്ടാകുന്നവ യൂണിറ്റിൽ നിക്ഷേപിക്കാറുണ്ടെന്നും വിശദീകരണം ലഭ്യമാക്കി.

മാലിന്യസംസ്കരണവും ജൈവവള ഉത്പാദനവും എന്നീ പ്രോജക്ട് ലക്ഷ്യങ്ങൾ കൈവരിക്കത്തക്ക രീതിയിൽ പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പദ്ധതിത്തുക പാഴ്ചെലവ് ആകുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്. ഭരണസമിതിയുടേയും വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഇടപെടൽ ഇക്കാര്യത്തിലുണ്ടാകേണ്ടതാണ്.

## 1-17 മുൻകൂറായി തുക നൽകിയിട്ടും മരുന്ന് പൂർണ്ണമായി ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 01/22-23 സി എച്ച് സി അറുനൂറ്റിമംഗലത്തിലേയ്ക്ക് ആവശ്യമായ മരുന്ന് വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (സി എച്ച് സി) അറുനൂറ്റിമംഗലം |
| ചെലവ് | 900000/- |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)+ തനത് ഫണ്ട് |

മേൽ പ്രോജക്ടിലേയ്ക്കായി ബിൽ നം.13/14.09.2022 പ്രകാരം 307959/- രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷൻ ലിമിറ്റഡിന് മുൻകൂറായി നൽകിയിരുന്നു. ആകെ പ്രോജക്ട് ചെലവായ 9,00,000/- രൂപയിൽ 100773/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ പൂർണമായും ലഭ്യമാകാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 100773/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 വകയിരുത്തലുകൾക്ക് അനുസരിച്ച് തുക ചെലവഴിക്കുന്നില്ല.

2022-23 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച വിവിധ പ്രോജക്ടുകൾക്ക് വലിയ തുകകൾ വകയിരുത്തിയിട്ടുണ്ടെങ്കിലും തുക ചെലവഴിച്ചിരിക്കുന്നത് വളരെ കുറവായിട്ടാണ്. പ്രോജക്ടിന്റെ നിർവ്വഹണപുരോഗതി വേളയിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് അടങ്കൽ ക്രമീകരിച്ച് റിവിഷൻ പ്രോജക്ടുകൾക്കായി വിനിയോഗിച്ചതായും കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 118/23 | തലയോലപ്പറമ്പ് ഗവ.യുപിഎസിൽ ടോയ്ലറ്റ് ബ്ളോക്ക് | 805100/- | 129400/- | 16 |
| 145/23 | ഓഡിറ്റോറിയം നവീകരണം | 800000/- | 597976/- | 74.7 |
| 156/23 | പ്ലാസ്റ്റിക് ഷ്രഡിംഗ് | 1000000/- | 722890/- | 72 |

| | | | | |
|---|---|---|---|---|
| | യൂണീറ്റ് കെട്ടിടനിർമ്മാണം | | | |
| 7/23 | കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് ചുള്ളിത്തോട് ആഴംകൂട്ടൽ | 1000000/- | 489960/- | 49 |
| 173/23 | കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് അതിർത്തി തോടിന് സംരക്ഷണഭിത്തി | 601020/- | 347628/- | 58 |
| 8/23 | ഞീഴൂർ ഗ്രാമപഞ്ചായത്തിൽ വലിയതോടിന് ചെക്ക് ഡാം | 1380000/- | 436733/- | 31 |
| 50/23 | കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് പുലിത്തുരുത്ത് തോട് നവികരണം | 500000/- | 245774/- | 49 |
| 57/23 | ആപ്പാംചിറ തോടിലെ നീരൊഴുക്ക് സുഗമമാക്കൽ | 410825/- | 188647/- | 46 |
| 44/23 | സി.ഡി.പി.ഒ ഓഫീസ് നവീകരണം | 229000/- | 31052/- | 13 |
| 58/23 | പുതിയ കെട്ടിട നിർമ്മാണത്തിന് സോയിൽ ടെസ്റ്റ് | 250000/- | 86180/- | 34 |

മേൽ സൂചിത അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 4/23.6.23) വ്യക്തമായ മറുപടി ലഭ്യമായില്ല. 173/23, 8/23 എന്നീ പ്രോജക്ടുകൾക്ക് പാർട്ട് ബില്ലാണ് നൽകിയതെന്നും നിലവിൽ നിർമ്മാണം പുരോഗമിക്കുകയാണെന്നും മറുപടി ലഭ്യമായി. സി.ഡി.പി.ഒ ഓഫീസ് നവീകരണം എന്ന പ്രോജക്ട് ചില സാങ്കേതിക കാരണങ്ങളാൽ നടപ്പാക്കാനാവില്ലെന്നും മറുപടി ലഭ്യമായി. പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതും പകുതിയോളം തുകകൾ പ്രോജക്ട് നിർവ്വഹിക്കാനാവാതെ നഷ്ടപ്പെട്ട് പോകുന്ന സാഹചര്യം ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-19 ക്ഷീര കർഷകർക്ക് പാൽ അളവിന് സബ്സിഡി - വിനിയോഗ വിവരം ലഭ്യമായില്ല

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി വിവിധ പഞ്ചായത്തുകളിലെ ക്ഷീരകർഷകർക്ക് പാൽ അളവിനുള്ള ആനുപാതിക സബ്സിഡിയ്ക്കായി വികസനഫണ്ടിൽ നിന്നും 1000000 രൂപ കൈമാറി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ഗ്രാമപഞ്ചായത്ത് | തുക | ബിൽ നമ്പർ, തീയതി |
|---|---|---|---|
| 1 | കടുത്തുരുത്തി | 87249 | 210/ 10.01.23 |

| | | | |
|---|---|---|---|
| | | | 87249 |
| 2 | ഞീഴൂർ | 469721 | 200/31.12.22 – 222569<br>201/ 31.12.22 – 247152 |
| 3 | മുളക്കുളം | 443030 | 190/26.12.22 – 83313<br>191/ 26.12.22 – 359717 |
| | ആകെ | 1000000 | |

പ്രസ്തുത ചെലവുകൾക്ക് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിലെ സെക്രട്ടറിമാർ സാക്ഷ്യപ്പെടുത്തിയ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/26.06.23) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്. വിനിയോഗ വിവരം ലഭ്യമാക്കാത്ത സാഹചര്യത്തിൽ 1000000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-20 ലൈഫ് ഭവനപദ്ധതി- ചെലവുതുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല- ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

ലൈഫ് ഭവനപദ്ധതിയ്ക്കായി ജനറൽ, എസ്.സി.പി, റ്റി.എസ്.പി. വിഭാഗങ്ങളിലായി വിവിധ പ്രോജക്ടുകൾ പ്രകാരം തൻവർഷം ആകെ 80,63,097/-രൂപ ബ്ലോക്ക് പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. പദ്ധതിനിർവ്വഹണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകളിൽ ഗുണഭോക്താക്കളുടെ വീട് നിർമ്മാണത്തിന്റെ ഓരോഘട്ടവും പൂർത്തീകരിക്കുന്ന മുറയ്ക്ക് ഇത് സംബന്ധിച്ച് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ ലഭ്യമാക്കുന്ന പരിശോധനാറിപ്പോർട്ടിന്റെയും സ്റ്റേജ് സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റിക്വിസിഷൻ പ്രകാരമുള്ള തുകയാണ് ഇപ്രകാരം നേരിട്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് അനുവദിച്ച് നൽകിയിട്ടുള്ളത്. എന്നാൽ ഇപ്രകാരം കൈമാറിയ നൽകിയ തുകകൾ പ്രസ്തുത പ്രോജക്ടിനായി പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ടെന്ന് അതാത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ സാക്ഷ്യപ്പെടുത്തി നൽകുന്ന ധനവിനിയോഗ സാക്ഷ്യപത്രം എല്ലാ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിച്ചിട്ടില്ല. 56,09,897/-രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ലാത്തതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)പ്രോജക്ട് നം -66/23

| ക്രമനം | റിക്വിസിഷൻ പ്രകാരം കൈമാറിയ തുക | ബിൽനം. | ഫണ്ട് തരം | ഗുണഭോക്തൃ ഗ്രാമപഞ്ചായത്ത് |
|---|---|---|---|---|
| 1 | 120000 | 148/25-11-22 | വികസനഫണ്ട്-ജനറൽ | വെള്ളൂർ |
| 2 | 260000 | 197/28-12-22 | ,, | ,, |
| 3 | 1000000 | 223/13-1-23 | ,, | കടുത്തുരുത്തി |
| 4 | 775000 | 225/16-1-23 | ,, | ,, |
| 5 | 1080000 | 252/2-2-23 | ,, | ,, |
| 6 | 100000 | 263/4-2-2312 | ,, | വെള്ളൂർ |
| 7 | 78640 | 268/8-2-23 | ,, | കടുത്തുരുത്തി |
| 8 | 59364 | 280/14-2-23 | ,, | കടുത്തുരുത്തി |
| 9 | 801360 | 272/8-2-23 | ധനകാര്യക്കമ്മീഷൻ | ,, |

| | | | | |
|---|---|---|---|---|
| | | | അവാർഡ് തുക | |
| ആകെ | 41,14,364 | | | |

2) പ്രോജക്ട്നം 125/23

| ക്രമനം | റിക്വിസിഷൻ പ്രകാരം കൈമാറിയ തുക | ബിൽനം. | ഫണ്ട് തരം | ഗുണഭോക്തൃ ഗ്രാമപഞ്ചായത്ത് |
|---|---|---|---|---|
| 1) | 202400 | 328/13-3-23 | വികസനഫണ്ട്-ജനറൽ | കടുത്തുരുത്തി |
| 2) | 100000 | 117/2-11-22 | ,, | വെള്ളൂർ |
| 3) | 29700 | 281/14-2-23 | ,, | കടുത്തുരുത്തി |
| 5) | 940000 | 248/30-1-23 | ,, | കടുത്തുരുത്തി |
| 6) | 168267 | 329/13-3-23 | ,, | |
| ആകെ | 14,40,367 | | | |

3) പ്രോജക്ട്നം-155/23

| ക്രമനം | റിക്വിസിഷൻ പ്രകാരം കൈമാറിയ തുക | ബിൽനം. | ഫണ്ട് തരം | |
|---|---|---|---|---|
| 1 | 48333 | 344/17-3-23 | വികസനഫണ്ട്-റ്റി.എസ്.പി | ഞീഴൂർ ഗ്രാമപഞ്ചായത്ത് |
| 2 | 6833 | 382/28-3-23 | ,, | ,, |
| ആകെ | 55166 | | | |

പട്ടിക 1 ക്രമ നം. 13 ഒഴികെയുള്ള സംഗതികളിൽ ട്രാൻസ്ഫർ ചെയ്ത തുകകളുടെ വിനിയോഗസാക്ഷ്യപത്രം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് അധികാരികളിൽ നിന്നും ലഭ്യമായിട്ടില്ല.

വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ 56,09,897/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-21 സർക്കാർ നിർദ്ദേശപ്രകാരമുള്ള പ്രോജക്ടുകൾ- ബ്ലോക്ക് പഞ്ചായത്ത് ചെലവഴിച്ച തുകയുടെ വിനിയോഗവിവരം ലഭ്യമല്ല

സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് പ്രകാരം കൈമാറിയ തുകകളുടെ വിനിയോഗവിവരം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായിട്ടില്ല. പ്രോജക്ടുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് | ചെലവഴിച്ച തുക | ബിൽ/ചെക്ക് നമ്പർ | റിമാർക്സ് |
|---|---|---|---|
| So126/23 വയോമിത്രം – പദ്ധതി വിഹിതം കൈമാറൽ | 800000<br>500000<br>100000 | 65/30-8-22<br>130/15-11-22<br>319/7-3-21 | തുകയുടെ കൈപ്പറ്റ് വിവരവും വിനിയോഗവിവരവും ലഭ്യമായിട്ടില്ല. എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഓഫീസിനെ തുക ട്രാൻസ്ഫർ ചെയ്ത വിവരം അറിയിക്കണമെന്ന് നിർദ്ദേശിച്ചിരുന്നതനുസരിച്ച് 8 ലക്ഷം രൂപ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത വിവരം |

| | | | |
|---|---|---|---|
| | | | അറിയിച്ചിരുന്നു. (3-9-22-ലെ ബി-1167/22നമ്പർ കത്ത്). എന്നാൽ 6 ലക്ഷം രൂപ ട്രാൻസ്ഫർ ചെയ്ത വിവരം അറിയിച്ചിട്ടില്ല. |
| 166/23 സരസ് മേള – വിഹിതം നൽകൽ | 200000 (തനതുഫണ്ട്) | XY-3041042/19-12-22 | കുടുംബശ്രീ ജില്ലാമിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് നൽകിയ തുകയുടെ കൈപ്പറ്റ് വിവരവും വിനിയോഗസാക്ഷ്യപത്രവും ലഭിച്ചിട്ടില്ല. |
| 165/23 പഞ്ചിംഗ് മെഷീൻ സ്ഥാപിക്കൽ | 26,877/- (തനതുഫണ്ട്) | XY -3041090 | തുകയുടെ കൈപ്പറ്റ് വിവരം ഇല്ല . 50% തുക ട്രാൻസ്ഫർ ചെയ്തു. മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല. |

ചെലവുതുകയുടെ കൈപ്പറ്റ് രേഖകളും വിനിയോഗവിവരവും ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ 16,26,877/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. ബന്ധപ്പെട്ട അധികാരസ്ഥാനത്തുനിന്നും ചെലവ് തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-22 ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് പുതിയ കെട്ടിടനിർമ്മാണം - തുടർ നടപടി വിവരങ്ങൾ ലഭ്യമല്ല.**

| | |
|---|---|
| പ്രോജക്ട് നമ്പർ | 58/23 |
| അടങ്കൽ, ഫണ്ടിനം | 250000/-<br>വികസനഫണ്ട് (ജനറൽ) |
| ചെലവ് | 86180/- |
| ബിൽ നമ്പർ, തീയതി | 22/28.3.23 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |

ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് പ്രവർത്തിച്ചിരുന്ന പഴയ കെട്ടിടം പൊളിച്ച് മാറ്റിയ സ്ഥലത്ത് എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കാൻ ബ്ലോക്ക് പഞ്ചായത്ത് തീരുമാനിച്ചിരുന്നു. പ്രസ്തുത സ്ഥലത്ത് മണ്ണ് പരിശോധന നടത്താനും സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കാനും ക്വട്ടേഷൻ ക്ഷണിക്കുകയും AA&S കൺസ്ട്രക്ഷൻസ് പടമുഗൾ എന്ന സ്ഥാപനത്തിന് കരാർ നൽകുകയും ചെയ്തു. സ്ഥാപനം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത റിപ്പോർട്ടിൻമേൽ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/23.6.23) പ്രവൃത്തിയുടെ സാങ്കേതിക അനുമതിക്കായി അയച്ചപ്പോൾ ചില അപാകതകൾ പരിഹരിക്കാൻ നിർദ്ദേശിച്ചെന്നും ആയത് പരിഹരിച്ചശേഷം 17.6.22ൽ എൽ.എസ്.ജി.ഡി ഡിവിഷൻ കോട്ടയത്തിലേക്ക് വീണ്ടും അയച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമായി. സാങ്കേതിക അനുമതി നല്കുന്നതിനായി പരഹരിക്കണമെന്ന് നിർദ്ദേശിച്ച് ചൂണ്ടിക്കാണിച്ച അപാകതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് ബ്ലോക്ക് ഓഫീസ് കെട്ടിടനിർമ്മാണം ആരംഭിക്കാനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

**1-23 ബ്ലോക്ക് പഞ്ചായത്ത് വിഹിതം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.**

2022-23 സാമ്പത്തിക വർഷം അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) നിർവ്വഹണം നടത്തിയ പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതമായി നൽകിയിട്ടുള്ള തുകകൾക്ക് വിനിയോഗ സാക്ഷ്യപത്രം, പദ്ധതി പൂർത്തീകരണം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റിന്റെ നമ്പരും പേരും | നൽകിയ തുക , ഫണ്ടിനം | ബിൽ നമ്പർ | റിമാർക്സ് |
|---|---|---|---|---|
| 1 | 138/2022-23 – ഇല്ലംനിറ വല്ലംനിറ സമഗ്ര നെൽകൃഷി വികസന പദ്ധതി ഞീഴൂർ പഞ്ചായത്തിലെ തുരുത്തിപ്പള്ളി പാടശേഖരത്തിന് വൈദ്യുതീകരണം. | 213034 വികസനഫണ്ട് | 391/29.03.23 | വിനിയോഗ സാക്ഷ്യപത്രം, പദ്ധതി പൂർത്തീകരണം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. |

മേൽ പ്രോജക്റ്റിന്റെ വിനിയോഗ സാക്ഷ്യപത്രം, പദ്ധതി പൂർത്തീകരണവിവരം എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് വിവരം അറിയിക്കേണ്ടതാണ്.

## 1-24 ഡെപ്പോസിറ്റ് പ്രവൃത്തി - ചെലവുവിവരങ്ങൾ ലഭ്യമായിട്ടില്ല, നിർവ്വഹണ ഏജൻസിയുമായി യഥാവിധി കരാർ ചമച്ചിട്ടില്ല.

തലയോലപ്പറമ്പ് പഞ്ചായത്തിലെ വിവിധ വാർഡുകളിൽ (വാർഡ് 10, 12, 14) ഇലക്ട്രിക് ലൈൻ ദീർഘിക്കൽ പ്രവൃത്തിക്കായി കെ.എസ്.ഇ.ബി തലയോലപ്പറമ്പ് സെക്ഷനിൽ നിന്നും 500000/-രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കിയിരുന്നതനുസരിച്ച് ധനകാര്യക്കമ്മീഷൻ അവാർഡ് തുകയിൽ നിന്നും തൻവർഷം 100000/-രൂപ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറ്റം ചെയ്തിട്ടുണ്ട്. പ്രവൃത്തി നടപ്പാക്കിയതിന്റെ വിവരവും കൈമാറിയ തുകയുടെ വിനിയോഗസാക്ഷ്യപത്രവും ലഭ്യമായിട്ടില്ല. ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തദ്ദേശഭരണസ്ഥാപനവും നിർവ്വഹണസ്ഥാപനവും കരാറിലേർപ്പെടേണ്ടതാണെന്ന് മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ളതുപ്രകാരം മുദ്രപ്പത്രത്തിൽ കരാർ വ്യവസ്ഥകളെഴുതി പ്രോജക്റ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് നിർവ്വഹണസ്ഥാപനമായ കെ.എസ്.ഇ.ബിയും ബ്ലോക്ക് പഞ്ചായത്തും ഒപ്പ് രേഖപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല.

27-3-23-ൽ നടന്ന എക്സിറ്റ് മീറ്റിംഗിൽ വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് അപാകത പരിഹരിക്കുന്നതാണെന്നും പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭിക്കുന്നമുറയ്ക്ക് ഓഡിറ്റിൽ ലഭ്യമാക്കുന്നതാണെന്നും അറിയിച്ചു.

ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നിർവ്വഹണഏജൻസികൾക്ക് പ്രോജക്റ്റ് പ്രകാരം തുക കൈമാറിനൽകുന്നതിന് മുന്നോടിയായി വ്യവസ്ഥകൾ രേഖപ്പെടുത്തി യഥാവിധി കരാർ ചമയ്ക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കൂടാതെ വിശദമായ മൂല്യനിർണ്ണയ സാക്ഷ്യപത്രം, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവകൂടി ഹാജരാക്കേണ്ടതാണ്. ഇവയുടെ അഭാവത്തിൽ ചെലവ് തുകയായ 100000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 സംയുക്ത പ്രോജക്ടുകൾ-ചെലവുവിവരങ്ങളും വിനിയോഗസാക്ഷ്യപത്രവും ലഭ്യമായിട്ടില്ല

22-23 വാർഷിക പദ്ധതിയിൽ വിവിധ പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി ബ്ലോക്കിന്റെ അധികാരപരിധിയിലുള്ള ഗ്രാമപഞ്ചായത്തുകൾക്ക് പ്രോജക്റ്റ് പ്രകാരം തുക കൈമാറിയിരുന്നു. എന്നാൽ പ്രവൃത്തികൾ നടപ്പായിട്ടുള്ളതിന്റെ വിവരവും കൈമാറിയ തുകയുടെ ചെലവുവിശദാംശങ്ങളും, വിനിയോഗസാക്ഷ്യപത്രവും ഗ്രാമപഞ്ചായത്തുകളിൽനിന്നും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് | നിർവ്വഹണസ്ഥാപനം | കൈമാറിയ തുക | ബിൽനമ്പർ |
|---|---|---|---|
| 043/23 കണക്കഞ്ചേരി ചേരിത്തടം റോഡ് | ഞീഴൂർ ഗ്രാമപഞ്ചായത്ത് | 475163 (വികസനഫണ്ട് -ജനറൽ) | 6/30-5-23 |

| | | | |
|---|---|---|---|
| കലുങ്ക്നിർമ്മാണം | | | |
| 3/23 സിഡിഎസ് ഓഫീസ് കെട്ടിടനിർമ്മാണം | കല്ലറ ഗ്രാമപഞ്ചായത്ത് | 499388 (വികസനഫണ്ട് -ജനറൽ) | 325/10-3-23 |
| 40/23 ഞീഴൂർ ഗ്രാമപഞ്ചായത്ത്- ബ്സ് സ്റ്റൂളിന് സമീപമുള്ള ഇരട്ടക്കുളം നവീകരണം | ഞീഴൂർ ഗ്രാമപഞ്ചായത്ത് | 4,68,315/- ധനകാര്യ ക്കമ്മീഷൻ അവാർഡ് തുക | 41/22-7-22 |
| 103/23 കല്ലറ ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ പ്രളയത്തിൽ തകർന്ന ടോയ്ലറ്റുകളുടെ നിർമ്മാണം | കല്ലറ ഗ്രാമപഞ്ചായത്ത് | 499400/- ധനകാര്യ ക്കമ്മീഷൻ അവാർഡ് തുക (ബേസിക് ഗ്രാന്റ്) | |
| | ആകെ | 19,42,266/- | |

മേൽ പ്രോജക്റ്റുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട വിവരങ്ങളും ബ്ലോക്ക് വിഹിതമായി നൽകിയ തുകയുടെ വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് (7/24-6-23) വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്നമുറയ്ക്ക് ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. പ്രോജക്റ്റ് പൂർത്തീകരണവിവരങ്ങൾ, കൈമാറിയ തുകയുടെ ചെലവുവിവരങ്ങൾ, മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ 19,42,266/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രസ്തുത രേഖകൾ ലഭ്യമാകുന്നമുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കി തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

2021-22 വർഷത്തെ വാർഷിക ധനകാര്യപത്രിക എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി നിയമപരമായ സമയപരിധിക്കുള്ളിൽ ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 26.06.2023-ൽ

പരിശോധിച്ച് ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2023-ലെ ബാലൻസ് ഷീറ്റ് എന്നിവ യഥാക്രമം അനുബന്ധം-3, 4, 5 ആയി ചേർത്തിരിക്കുന്നു.

4-2 സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകകളുടെ വിവരം

സംയുക്ത പ്രോജക്ടുകൾക്കായി തൻവർഷം തുക ലഭിച്ചിട്ടില്ല.

4-3 ഡെപ്പോസിറ്റ് വർക്കുകൾക്കായി കൈമാറിയ തുകകളുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള ഇലക്ട്രിസിറ്റി ബോർഡ് | 175/22 തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ ലൈൻ എക്സ്റ്റൻഷൻ | 1,00,000 | | 1,00,000 |

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുക ചെലവഴിച്ചിട്ടില്ല.

4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ ഇനത്തിൽ വരവ്, ചെലവ്, തിരിച്ചടവ് എന്നിവ ഇല്ല.

4-6 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങൾ ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 3-1 | 2007-08 | 3-35(1) | നബാർഡ്- റീ-ഇംബേഴ്സ് തുക തിരിമറി നടത്തി | അക്കൗണ്ട്സ് കമ്മറ്റി പരിഗണി ച്ചിട്ടില്ല |
| 2006-07 | 3-11 | 2009-10 | 3-11 പൊതു അവലോകനം | കെ.എസ്.ഇ.ബി നിക്ഷേപ വേലകൾ പൂർത്തീകരിക്കാത്തത് | അക്കൗണ്ട്സ് കമ്മറ്റി പരിഗണി ച്ചിട്ടില്ല |
| 2003-04 | 3-2 | 2006-07 | 3-31(1) | മരാമത്ത് പ്രവൃത്തികൾക്ക് മുൻകൂർ കൈപ്പറ്റി, പദ്ധതി ഉപേക്ഷിച്ച | അക്കൗണ്ട്സ് കമ്മറ്റി പരിഗണി ച്ചിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| 2019-20 | 1-13 | 21-22 | 2-3-4 | വടുകുന്നപ്പുഴ എസ്.സി. ആധുനീക ശ്മശാന നിർമ്മാണം ലക്ഷ്യം കൈവരിച്ചില്ല | അക്കൗണ്ട്സ് കമ്മറ്റി പരിഗണി ച്ചിട്ടില്ല |

4-9 ചാർജ്/ സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

തൻവർഷം ചാർജ്/ സർചാർജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) (റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | : | 73,217,882 |
| ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം) | | 69,997,584 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | : | 65,675,476 |
| ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം) | | 68,728,693 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 10,379,813 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവിരം - ഇല്ല

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 100773/- | ഡോ. സുധർമ്മിണി തങ്കപ്പൻ, മെഡിക്കൽ ഓഫീസർ CHC, അറുന്നൂറ്റിമംഗലം |
| 1-19 | 1000000/- | ശ്രീമതി ഷിന്ധ്യ എൽ.കെ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 1-20 | 5609897/- | ശ്രീ. ഷിനോജ് പി.ആർ, സെക്രട്ടറി |
| 1-21 | 1626877/- | ശ്രീ. ഷിനോദ് പി.ആർ, സെക്രട്ടറി |
| 1-24 | 100000/- | ശ്രീ. ഷിനോദ് പി.ആർ, സെക്രട്ടറി |
| 1-25 | 1942266/- | ശ്രീ. ഷിനോദ് പി.ആർ, |

| | | |
|---|---|---|
| | | സെക്രട്ടറി |
| | 10379813 | |

4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1997-98 | എൽ.എഫ്.കെ.പി1/649/04 തീയതി 23.10.14 | 1 |
| 1998-99 | കെഎസ്എ.കെടിഎം.പി15/1789 /19/27.2.20 | 3 |
| 1999-00 | കെഎസ്എ.കെടിഎം.പി15/1002 /19/28.9.19 | 7 |
| 2000-01, 01-02 പ്ളാൻ | കെഎസ്എ.കെടിഎം.പി15/1645 /19/26.2.20 | 5 |
| 2002-03 | എൽ.എഫ്.കെ.പി1/139/05 തീയതി 2.7.05 | |
| 2003-04 | എൽ.എഫ്.കെ.പി5/472/21 തീയതി 26.03.22/01.04.22 | 7 |
| 2004-05 | കെഎസ്എ.കെടിഎം.പി15/56 /20/27.2.20 | 3 |
| 2005-06 | കെഎസ്എ.കെടിഎം.പി.15/1778 /19/27.2.20 | 1 |
| 2006-07 | കെഎസ്എ.കെടിഎം.പി.15-1556/22 | 17 |
| 2007-08 | എൽ.എഫ്.കെ.പി9/208/11 തീയതി 11.6.13 | |
| 2008-09 | കെഎസ്എ.കെടിഎം.പി15/106 /20/4.11.20 | 7 |
| 2009-10 | കെഎസ്എ.കെടിഎം.പി.15-അദാ/18 /808(4)/18, 07.05.18 | 10 |
| 2010-11 | കെഎസ്എ.കെടിഎം.പി.15/512 /19/8.5.19 | 6 |
| 2011-12 | കെഎസ്എ.കെടിഎം.പി.15/513 /19/8.5.19 | 2 |
| 2012-13 | കെഎസ്എ.കെടിഎം.പി.15-അദാ/18 /808(7)/18, 07.05.18 | 3 |
| 2013-14 | കെഎസ്എ.കെടിഎം.പി.15-അദാ/18 /808(8)/18, 07.05.18 | 2 |
| 2014-15 | കെഎസ്എ.കെടിഎം.പി.15-അദാ/18 /808(9)/18, 07.05.18 | 3 |
| 2016-17 | കെഎസ്എ-കെടിഎം.പി.15-877/20 /4.11.20 | 2 |
| 2017-18 | കെഎസ്എ-കെടിഎം.പി.15-401/20 | 3 |

| | | |
|---|---|---|
| | /6.5.20 | |
| 2018-19 | കെഎസ്എ-കെടിഎം.പി.15/991 /20/6.10.20 | 11 |
| 2019-20 | നം.കെഎസ്എ-കെടിഎം.പി15/98 /23/4.5.23 | 8 |
| 2020-21 | നം.കെഎസ്എ-കെടിഎം.പി15/222 /22/05.04.23 | 12 |
| 2021-22 | കെഎസ്എ.കെടിഎം.പി.15-2596//22 /20.06.23 | 18 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 03-06-2023 and submitted on 07-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kaduthuruthy Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kaduthuruthy Block Panchayat for the year 2022-2023

Date: 15/09/2023

Senior Deputy Director
District Office Kottayam
Kerala State Audit Department

## Audit Report appended to the Audit Certificate of Kaduthuruthy Block Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

1) Valuation of Block Panchayat Assets and Liabilties as per instructions in G.O.(MS)152/2011 dated 26/07/2011 and asset register not kept up to date.
2) A difference of Rs.100000/- as per the documents made available under capital work in progress head.
3) Income from harvesting machine wrongly posted in liability head.
4) Seperate Account not scheduled for accounting Health Grant.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്